പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5959

07.07.2014 ലെ മറുപടിയ്ക്ക്
ഉണ്ടായിരുന്നത് - പൂർണ്ണ മറുപടി

**മാതൃകാ കർഷകർക്കുള്ള ധനസഹായ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്ജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തെരഞ്ഞെടുത്ത മാതൃകാ കർഷകർക്കായുള്ള സഹായപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) 2013-14 സാമ്പത്തിക വർഷത്തിൽ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനമായി ധനസഹായം നൽകുന്ന ഒരു പദ്ധതിയ്ക്ക് രൂപംനൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഒരേക്കറെങ്കിലും വിസ്തൃതിയുള്ള കൃഷിയിടത്തിൽ കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടങ്ങൾ എന്ന നിരക്കിൽ 1000 പഞ്ചായത്തുകളിലായി 10000 സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ സജ്ജീകരിക്കുകയെന്നതായിരുന്നു പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത്തരത്തിൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്ന കർഷകർക്ക് കൃഷി-മൃഗസംരക്ഷണ ഇതര ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സാങ്കേതിക സഹകരണവും പദ്ധതിയുൾപ്പെടുത്തി ഏക്കറിന് പതിനായിരം രൂപാ ധനസഹായം നൽകാനും ലക്ഷ്യമിട്ടിരുന്നു. |
| (സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ; | (സി) പദ്ധതിയനുസരിച്ച് മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കുന്ന കർഷകർക്ക് ഏക്കറിന് പതിനായിരം രൂപാ നിരക്കിൽ ധനസഹായം നൽകുവാൻ ഉദ്ദേശിച്ചിരുന്നു. |
| (ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ആയിരം രൂപാ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2014-15 വർഷത്തിലും ബജറ്റിൽ പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ഉപധനാഭ്യർത്ഥന വഴി പദ്ധതിയ്ക്കു വേണ്ടി തുക ആവശ്യപ്പെട്ടിട്ടുണ്ട്. 3021 മാതൃകാ കൃഷിത്തോട്ടങ്ങൾ തെരഞ്ഞെടുത്തു. പദ്ധതി തുക ലഭിക്കുന്നതനുസരിച്ച് അടുത്ത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ